**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5121 15.11.2019-ലെ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.എ.സി.മൊയ്തീൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** | |
| (എ) | 24.06.2016 ലെ ഗവർണറുടെ നയ പ്രഖ്യാപനത്തിൽ ഉൾപ്പെട്ട ഏകീകൃത തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം എന്ന് മുതലാണ് ഈ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ; | (എ) | പൊതുസർവീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏകീകരിച്ച വകുപ്പ് നിലവിൽ വരുന്നതാണ്. |
| (ബി) | പ്രസ്തുത സർവ്വീസിൽ നിലവിലുള്ള വികസന അതോറിറ്റികളായ ജി.സി.ഡി.എ., ട്രിഡ, ജിഡ, എന്നിവിടങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി), (സി) & (ഡി) | നിലവിലുള്ള വികസന അതോറിറ്റി ജീവനക്കാരെ പൊതു സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | | |
| (ഡി) | ഏതെങ്കിലും സാഹചര്യത്തിൽ വികസന അതോറിറ്റി നിർത്തലാക്കുമ്പോഴോ, പ്രവർത്തനം നിലക്കുമ്പോഴോ ടി സ്ഥാപനത്തിലുള്ള ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിലേക്കും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലേക്കും ലയിപ്പിക്കുമെന്ന് നിലവിലുള്ള കേരള ഡെവലപ്മെന്റ് അതോറിറ്റി റൂളിൽ പ്രതിപാദിക്കുന്ന സാഹചര്യത്തിൽ ഈ സർവ്വീസുകൾ ഇല്ലാതാക്കി ഇപ്പോൾ രൂപീകരിക്കുന്ന | | |

പൊതു സർവ്വീസിൽ നിലവിലുള്ള വികസന അതോറിറ്റി ജീവനക്കാരെ ഉൾപ്പെടുത്താതിരിക്കുന്നത് ഭാവിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കില്ലേയെന്നും, അതിനുള്ള പരിഹാരം എന്താണെന്നും വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ